**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **T 1314** — 12.03.2015-ൽ മറുപടിയ്ക്ക്

**ലൈറ്റ് മെട്രോ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ; | (എ) | തടസ്സങ്ങളൊന്നും നിലവിലില്ല. |
| (ബി) ഏത് രീതിയിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ആസൂത്രണബോർഡിന്റെ ശുപാർശ എന്താണ് ; | (സി) | ആസൂത്രണബോർഡിന്റെ ശുപാർശകൾ താഴെ പറയുന്നു.<br>1. ഡി.പി.ആർ. വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.<br>2. ട്രാക്കിന്റെ അനുയോജ്യത, കയറ്റം, വളവുകൾ, തിരിവുകൾ, സിവിൽ സ്ട്രക്ചറുകൾ മുതലായവ പരിശോധിച്ച് ഭാവിയിൽ സാങ്കേതിക തകരാറുകൾ ഉണ്ടാകുകയില്ല എന്നുറപ്പ് വരുത്തേണ്ടതുണ്ട്.<br>3. ഡി.എം.ആർ.സി., ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്ഥമായി ലൈറ്റ് മെട്രോ നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതും, അതനുസരിച്ച് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേണിൽ വർദ്ധനവുണ്ടാക്കേണ്ടതുമാണ്.<br>4. പരസ്യത്തിലൂടെയുള്ള വരുമാനവും property development-ലൂടെയുള്ള വരുമാനവും തീരെ കുറവായി കണക്കാക്കപ്പെടുന്നു.<br>5. PPP model-ൽ നടപ്പിലാക്കാനുള്ള സാധ്യതകൾ ആരായാനായി ഒരു വിദഗ്ധന്റെ സേവനം തേടാവുന്നതാണ്.<br>6. സർക്കാർ ഏറ്റെടുത്ത് നടത്തുന്ന ബൃഹത് പദ്ധതികളായ കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് എന്നിവയുടെ പുരോഗമനത്തിനോടൊപ്പം ഈ പദ്ധതിക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. |
| (ഡി) പദ്ധതി നടത്തിപ്പിനായി പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളത് ആരൊക്കെയാണ് ; | (ഡി) | വിശദമായ പഠനറിപ്പോർട്ട് സമർപ്പിച്ചത് ഡി.എം.ആർ.സി.യാണ്. |
| (ഇ) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഇ) | പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**